പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5578 01/07/2019 ൽ മറുപടിക്ക്

**ശബരിമലയിലെ നിർമ്മാണ പ്രവൃത്തികൾ**

ചോദ്യം

**ശ്രീമതി.പി. അയിഷാ പോറ്റി**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വരുന്ന ശബരിമല തീർത്ഥാടനകാലം ആരംഭിക്കുന്നതിന് മുമ്പ് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാമാണ്; | (എ) | വരുന്ന ശബരിമല തീർത്ഥാടനകാലത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ മാസ്റ്റർപ്ലാൻ പ്രകാരമുള്ള ലേ ഔട്ട് പ്ലാൻ അംഗീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br><u>ശബരിമല</u><br>1. ശാന്തിമഠം<br>2. ഭസ്മക്കുളം നവീകരണം<br>3. ഭണ്ഡാരത്തിന്റെ സ്ഥാനമാറ്റം<br>4. പാണ്ഡിത്താവളം മുതൽ അയ്യപ്പനന്ദനം വരയുള്ള റോഡ് നിർമ്മാണ പ്രവർത്തനം.<br>5. മണ്ഡപം -5 എണ്ണം.<br><u>പമ്പ</u><br>1. പമ്പാ തീരത്തെ പടികെട്ടുന്നതിനുള്ള സംവിധാനം.<br>2.. പമ്പ ടോയിലറ്റ് ബ്ലോക്ക്.<br><u>നിലയ്ക്കൽ</u><br>1. ടോയിലറ്റ് കോംപ്ലക്സ് (120 എണ്ണം)<br>2. വാർഷിക അറ്റകുറ്റപ്പണി<br>3. കുടിവെള്ള വിതരണത്തിനായി നിലവിൽ ഉള്ളതിനെക്കാൾ കൂടുതൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>4.പാർക്കിംഗ് ഗ്രൗണ്ട് |

| | | | |
|---|---|---|---|
| | | | 5. ജല സംഭരണി. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ അന്തിമ രൂപരേഖ തയ്യാറായിട്ടുണ്ടോ; | (ബി) | സന്നിധാനത്തും നിലയ്ക്കലും പ്രസ്തുത പ്രവൃത്തികളുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പമ്പയിൽ പ്രസ്തുത പ്രവർത്തികളുടെ അന്തിമ രൂപരേഖ പൂർണ്ണമായും തയ്യാറായിട്ടില്ല. |
| (സി) | സന്നിധാനത്തെ മാലിന്യ പ്ലാന്റ് നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമമാണോ; വിശദാംശങ്ങൾ നൽകുമോ? | (സി) | സന്നിധാനത്തെ മാലിന്യപ്ലാന്റ് നിലവിൽ പൂർണ്ണമായും പ്രവർത്തന ക്ഷമമാണ്. |

സെക്ഷൻ ഓഫീസർ